മി. സ്പീക്കർ : എൻഡോസൾഫാൻ ദുരന്തത്തിൽ രക്തസാക്ഷികളായവരുടെ കുടുംബാംഗങ്ങളെയും പിഞ്ചുകുട്ടികളടക്കമുള്ള ദുരിതബാധിതരെയും മുന്നിൽക്കണ്ട് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്തപ്രകാരം ലിസ്റ്റ് ചെയ്തിട്ടുള്ളവർക്കുള്ള ആനുകൂല്യങ്ങൾ അട്ടിമറിക്കപ്പെട്ടിരിക്കുന്നതായി പറയപ്പെടുന്നതുമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), വി.എസ്. സുനിൽകുമാർ, സി.കെ. നാണു, കോവൂർ കുഞ്ഞുമോൻ, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

## അടിയന്തരപ്രമേയം

### കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ബാധിതർക്ക് ആനുകൂല്യം നൽകുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി) : സർ, എൻഡോസൾഫാൻ ദുരന്തത്തിന് വിധേയരായിട്ടുള്ളവരുടെയോ അവരുടെ കുടുംബത്തിന്റെയോ കാസർഗോഡ് ജില്ലയുടെയോ മാത്രമല്ല, എൻഡോസൾഫാൻ ദുരന്തം കേരളത്തിന്റെതന്നെ ദു:ഖമാണ്. കാരണം, ചില ഭവിഷ്യത്തുകൾ വന്നുഭവിക്കുന്നത് നമ്മൾ അനുഭവിച്ചേ മതിയാകൂ. എന്നാൽ ഇത് മനുഷ്യസൃഷ്ടിയായ ഒരു ദുരന്തമെന്നാണ് കണക്കാക്കിയിരിക്കുന്നത്. അതുകൊണ്ട് ഈ ദുരന്തം നാടിന്റെ ദു:ഖമായി കണ്ടുകൊണ്ട് പരിഹാരം ഉണ്ടാക്കാൻ മനുഷ്യസാദ്ധ്യമായ എല്ലാ കാര്യങ്ങളും ചെയ്യണമെന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഇതിൽ ഗവൺമെന്റും പ്രതിപക്ഷവുമായി തർക്കമില്ല. എല്ലാവരും യോജി

ച്ചുള്ള പ്രവർത്തനമാണ് നടക്കുന്നത്. കൃഷിവകുപ്പുമന്ത്രി ശ്രീ. കെ.പി. മോഹനൻ ചെയർമാനും ജില്ലാകളക്ടർ കൺവീനറുമായിട്ടുള്ള ഒരു കമ്മിറ്റിയുണ്ട്. ആ കമ്മിറ്റിയിൽ എം.പി. മാരും എം.എൽ.എ. മാരും എല്ലാതല ത്തിലുള്ള ജനപ്രതിനിധികളും എല്ലാ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളു മുണ്ട്. എൻഡോസൾഫാന് വിധേയരായിട്ടുള്ളവരെ ഏതെല്ലാം വിധത്തിൽ സഹായിക്കാമോ ആ വിധത്തിലെല്ലാം സഹായിക്കണമെന്നുള്ള ലക്ഷ്യത്തോ ടുകൂടിയാണ് ഈ കമ്മിറ്റിയും ഗവൺമെന്റും ഇതുവരെ പ്രവർത്തിച്ചിട്ടു ള്ളതെന്ന കാര്യത്തിലും ഇതിന്റെ പേരിൽ അനർഹരായിട്ടുള്ളവർ ആനുകൂ ല്യങ്ങൾ വാങ്ങുന്ന സാഹചര്യമുണ്ടാകരുതെന്ന കാര്യത്തിലും എല്ലാവർക്കും യോജിപ്പാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് ഇതിനകംതന്നെ 4789 പേർക്ക് മാസംതോറും രണ്ടായിരം രൂപ പെൻഷൻ കൊടുക്കുന്നുണ്ട്. ഇതിനുപുറമേ 711 പേരെ കൂടി പരിഗണിക്കണമെന്ന നിർദ്ദേശം വന്നതിനെത്തുടർന്ന് ഡോ. അരവിന്ദൻ ചെയർമാനായ ഒരു കമ്മിറ്റി രൂപീകരിക്കുകയും നിർദ്ദേശം കമ്മിറ്റിക്ക് വിട്ടിരിക്കുകയുമാണ്. കമ്മിറ്റിയുടെ ശുപാർശ കിട്ടിയാലുടൻ അക്കാര്യത്തിൽ തീരുമാനമെടുക്കും. കേന്ദ്ര മനഷ്യാവകാശ കമ്മീഷൻ ഈ പ്രശ്നങ്ങളെല്ലാം പരിശോധിച്ചശേഷം ഒരു ശുപാർശ തന്നു. പൂർണ്ണമായും കിടപ്പിലായവർക്ക് 5 ലക്ഷം രൂപയും ഭാഗികമായി കിടപ്പിലായവർക്ക് 3 ലക്ഷം രൂപയും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്ക് 5 ലക്ഷം രൂപയും മരിച്ചവ രുടെ കുടുംബങ്ങൾക്ക് 5 ലക്ഷം രൂപയും മറ്റ് ആനുകൂല്യങ്ങൾ കൊടുക്കുന്ന തുപോലെ മൂന്ന് ഗഡുക്കളായി കൊടുക്കണമെന്നാണ് ശുപാർശയിൽ പറയു ന്നത്. ആദ്യത്തെ ഗഡു എല്ലാവർക്കും കൊടുത്തുകഴിഞ്ഞു. രണ്ടാമത്തെ ഗഡു കൊടുക്കേണ്ട സമയമായി. അത് ഉടൻ തന്നെ കൊടുക്കാനാണ് തീരു

മാനിച്ചിരിക്കുന്നത്. അതെല്ലാവരും യോജിച്ചെടുത്ത തീരുമാനമാണ്. ഇതിനു പുറമെ, ക്യാൻസർ ബാധിതരെക്കൂടി ഇതിന്റെ പരിധിയിൽ കൊണ്ടുവന്ന് ആനുകൂല്യം നൽകണമെന്ന ഒരാവശ്യവും വന്നു. അത് അനുഭാവപൂർവ്വം പരിഗണിച്ച് ക്യാൻസർ വന്നവർക്കുകൂടി 3 ലക്ഷം രൂപ കൊടുക്കണമെന്ന് തീരുമാനിച്ചതനുസരിച്ച് 2834 പേർക്ക് ആദ്യത്തെ ഗഡു കൊടുത്തു. രണ്ടാമത്തെ ഗഡു കൊടുക്കുന്ന കാര്യം നേരത്തേ പറഞ്ഞതുപോലെ പരിശോധിച്ചുവരിയാണ്. ജസ്റ്റിസ് രാമചന്ദ്രൻ നായർ കമ്മീഷൻ ഇതുസംബന്ധിച്ച് ചില ശുപാർശകൾ തന്നിട്ടുണ്ട്. അതുസംബന്ധിച്ച് അവസാന തീരുമാനം ഗവൺമെന്റ് എടുത്തിട്ടില്ല. കാരണം അതിനും അഭിപ്രായ സമന്വയം ഉണ്ടാക്കി മാത്രമേ ഗവൺമെന്റ് തീരുമാനമെടുക്കുകയുള്ളു. ആ ശുപാർശകൾ ഗവൺമെന്റിന്റെ പരിഗണനയിൽ മാത്രമായിട്ടുള്ള കാര്യമാണ്. പിന്നീട് നടന്ന ചില ചർച്ചകളിൽ ഉയർന്നുവന്നിട്ടുള്ളത് 11 പഞ്ചായത്തുകളിൽ മാത്രമായി ആനുകൂല്യങ്ങൾ നൽകുന്നത് പരിമിതപ്പെടുത്തിയിരിക്കുന്നുവെന്നുള്ളതാണ്. ആനുകൂല്യങ്ങൾ 11 പഞ്ചായത്തുകൾക്ക് പുറത്തേയ്ക്കുള്ളവർക്കും കൂടി കൊടുക്കണമെന്ന ആവശ്യം ഉയർന്നുവന്നു. അതിനും ഗവൺമെന്റ് ഏറ്റവും അനുഭാവപൂർവ്വമായ സമീപനമാണ് എടുത്തിട്ടുള്ളത്. ഇത്തരത്തിൽ 11 പഞ്ചായത്തുകൾക്ക് പുറമെയുള്ള പഞ്ചായത്തുകളെ കൂടി ഉൾപ്പെടുത്തുന്ന കാര്യം സജീവമായ പരിഗണനയിലാണ്, ഇതുസംബന്ധിച്ച് ഉടൻതന്നെ തീരുമാനമെടുക്കുന്നതാണ്. എൻഡോസൾഫാൻ ബാധിതരായിട്ടുള്ളവരുടെ കടങ്ങൾ എഴുതിത്തള്ളണമെന്ന ആവശ്യം വന്നു. ഇന്ന് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. കടങ്ങൾ എഴുതിത്തള്ളുന്നത് സംബന്ധിച്ച് പഠിക്കാൻ ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള ഒരു കമ്മിറ്റിയെ

നിയോഗിച്ചു. അവരുടെ റിപ്പോർട്ട് കിട്ടിയതിനുശേഷം മാത്രമെ അതുസംബന്ധിച്ചുള്ള തീരുമാനമെടുക്കുകയുള്ളു. ജനുവരി 31-ാം തീയതിക്കകമാണ് റിപ്പോർട്ട് തരേണ്ടത്. ജില്ലാകളക്ടറുമായി കഴിഞ്ഞ ദിവസം സംസാരിച്ചപ്പോൾ ജനുവരി 31-നകം തന്നെ റിപ്പോർട്ട് നൽകാമെന്നാണ് പറഞ്ഞത്. പ്ലാന്റേഷൻ കോർപ്പറേഷന്റെ എസ്റ്റേറ്റിലാണ് എൻഡോസൾഫാൻ തളിച്ച് ദുരന്തത്തിന് ഇടയായ സാഹചര്യം ഉണ്ടായിട്ടുള്ളത്. അതുകൊണ്ട് പ്ലാന്റേഷൻ കോർപ്പറേഷൻ നഷ്ടപരിഹാരം നൽകുന്ന കാര്യത്തിൽ കുറച്ച് കാര്യങ്ങൾ ചെയ്തേ മതിയാകൂ എന്ന് തീരുമാനിക്കുകയും അതനുസരിച്ച് പ്ലാന്റേഷൻ കോർപ്പറേഷൻ ഇതിനകം 27 കോടി രൂപ നൽകുകയും ചെയ്തിട്ടുണ്ട്. ബാക്കി 26 കോടി രൂപ നൽകാനുണ്ട്. ആ 26 കോടി രൂപ കൊടുക്കാൻ ഗവൺമെന്റ് ഉത്തരവായി. 6-2-2014 -ന് ഡയറക്ടർ ബോർഡ് യോഗം കൂടി രണ്ടാംഗഡുവായ 26 കോടി രൂപ നൽകുന്ന കാര്യത്തിൽ തീരുമാനം കൊക്കൊള്ളുന്നതാണ്. ആരോഗ്യ പ്രശ്നത്തിന്റെ കാര്യത്തിൽ ഗവൺമെന്റ് പ്രത്യേകമായ തീരുമാനങ്ങളെടുത്തിട്ടുണ്ട്. ഇതിനകം 5000-ൽപ്പരം ആളുകളെയാണ് എൻഡോസൾഫാൻ ബാധിതരായി ചികിത്സയ്ക്ക് തെരഞ്ഞെടുത്തിട്ടുള്ളത്. ആദ്യം 4154 പേരാണ് ഉണ്ടായിരുന്നത്. അതുകഴിഞ്ഞ് മെഡിക്കൽ ക്യാമ്പുകൾ വഴി കുറച്ചുപേരെക്കൂടി കണ്ടെത്തുകയായിരുന്നു. ഇന്നിപ്പോൾ അവർക്കെല്ലാം സൗജന്യ ചികിത്സ പൂർണ്ണതോതിൽ ലഭ്യമാക്കിയിട്ടുണ്ട്. അതിനായി വിദഗ്ദ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ 29 സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ നടത്തി 28200 രോഗികളെ സ്ക്രീൻ ചെയ്യുകയും 4880 രോഗികളെ എൻഡോസൾഫാൻ ദുരിത ബാധിതരുടെ പട്ടികയിൽപ്പെടു

ത്തുകയും ചെയ്തിട്ടുണ്ട്. ചികിത്സയുടെ കാര്യത്തിൽ പരമാവധി പ്രവർത്തനങ്ങൾ ചെയ്യുന്നു. കൂടാതെ സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ വളരെ വിപുലമായ പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. എനിക്ക് പറയാനുള്ളത്, മനുഷ്യസാദ്ധ്യമായ എല്ലാ കാര്യങ്ങളും എൻഡോസൾഫാൻ ബാധിതർക്ക് ചെയ്തുകൊടുക്കണമെന്നുതന്നെയാണ് എല്ലാവരുടെയും അഭിപ്രായം. അതനുസരിച്ചാണ് ഗവൺമെന്റ് പ്രവർത്തിച്ചിട്ടുള്ളത്. തുടർന്നും അത്തരം പ്രവർത്തനങ്ങളുണ്ടാകും. എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പൂർണ്ണമായ സഹകരണവും പിന്തുണയും ഈ പ്രവർത്തനങ്ങൾക്ക് കിട്ടിയിട്ടുണ്ടെന്നുള്ളത് അവിടത്തെ ജനപ്രതിനിധികളടക്കമുള്ളവർക്ക് അറിയാവുന്ന കാര്യമാണ്. തുടർന്നും ഗവൺമെന്റ് അത് ചെയ്യുമെന്നുറപ്പ് പറയാൻ ആഗ്രഹിക്കുന്നു.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, അതീവ ഗുരുതരമായ ഒരു പ്രശ്നം സംബന്ധിച്ചാണ് ഞാൻ ഈ അടിയന്തര പ്രമേയം ഉന്നയിക്കുന്നത്. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരന്തബാധിതരും അമ്മമാരും കുഞ്ഞുങ്ങളുമടക്കം ഏതാണ്ട് എഴുപതോളം ആളുകൾ മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിക്കുമുമ്പിൽ റിപ്പബ്ലിക്കിന്റെ 65-ാം വാർഷിക ദിനമായ ഇന്നലെ മുതൽ അനിശ്ചിതകാല കഞ്ഞിവയ്പ് സമരം ആരംഭിച്ചിരിക്കുകയാണ്. 2010-ൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ നൽകിയിട്ടുള്ള വാഗ്ദാനങ്ങളും സംസ്ഥാന ഗവൺമെന്റ് നൽകിയിട്ടുള്ള വാഗ്ദാനങ്ങളും പാലിച്ചിട്ടില്ല. മുഖ്യമന്ത്രി പറഞ്ഞതിൽ കുറെ കാര്യങ്ങളുണ്ട്. പക്ഷേ അതൊന്നുംതന്നെ പാലിച്ചിട്ടുമില്ല; നടപ്പിലാക്കിയിട്ടുമില്ലെന്നതാണ് സമരത്തിന് ആധാരമായിട്ടുള്ള ഒരു കാര്യം. രണ്ടാമതായി,

എൻഡോസൾഫാൻ സമരക്കാർ, ദേശീയ വിരുദ്ധ ശക്തികളും ക്രിമിനലുകളുമാണെന്ന് കാണിച്ച് എൻഡോസൾഫാൻ കമ്പനി പ്രധാനമന്ത്രിക്ക് നൽകിയ പരാതി അന്വേഷിക്കാൻ ചീഫ് സെക്രട്ടറിയുടെ നിർദ്ദേശപ്രകാരം ആഭ്യന്തര വകുപ്പ് അണ്ടർ സെക്രട്ടറി കാസർഗോഡ് ജില്ലാ കളക്ടറോടും ജില്ലാ മെഡിക്കൽ ആഫീസറോടും നിർദ്ദേശിച്ചിരിക്കുന്നു എന്നതാണ്. അടിയന്തരമായി റിപ്പോർട്ട് കിട്ടണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. നിരക്ഷരരും പാവപ്പെട്ടവരുമായ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചും സംഘടിപ്പിച്ചും സർക്കാരിനെതിരെ ദേശവിരുദ്ധ സമരം നടത്തുന്നുവെന്നാണ് എൻഡോസൾഫാൻ നിർമ്മാതാക്കളായ എക്സെൽ ഗ്രൂപ്പ് കമ്പനി ഉദ്യോഗസ്ഥൻ ശ്രീ. രാജു ഷെറോഫ് പ്രധാനമന്ത്രിക്ക് നൽകിയ പരാതിയിൽ പറയുന്നത്.

സമരക്കാർ ഡോക്ടർമാരെ ഭീഷണിപ്പെടുത്തി ദുരന്ത ബാധിതരെ ലിസ്റ്റിൽപ്പെടുത്തുന്നു എന്നും പരാതിയിലുണ്ട്. പച്ചക്കള്ളമാണ് ഈ പറയുന്ന ത്. പ്രധാനമന്ത്രി കേരളത്തിൽ വന്ന് മന്ത്രിസഭായോഗത്തിൽ പങ്കെടുത്ത് എൻഡോസൾഫാന് പ്രത്യേകമായിട്ടുള്ള പാക്കേജ് അനുവദിക്കുമെന്ന് പറഞ്ഞുപോയതിന് ശേഷമാണ് ഈ നിർദ്ദേശങ്ങളെല്ലാം വന്നിട്ടുള്ളത്. കേരള സർക്കാർ പറഞ്ഞ കാര്യങ്ങൾ മുഖവിലക്കെടുക്കാതെ കേന്ദ്ര സർക്കാർ ഒരു കമ്പനിയുമായി ചേർന്ന് ഇരകൾക്കെതിരെ ഗൂഢാലോചനകൾ നടത്തുന്നതാ യാണ് ഇതിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്. എൻഡോസൾഫാൻ ഇര കളുടെ എണ്ണം കൂടുന്നത് കമ്പനിക്ക് പ്രശ്നമാണ്. ഇപ്പോൾ ആറായിരത്തില ധികം ആളുകളെ ക്യാമ്പുകളിൽ രോഗികളായി കണ്ടെത്തിയിട്ടുണ്ട്. വളരെ ശാസ്ത്രീയമായാണ് രോഗികളെ കണ്ടെത്തുന്നത്. മെഡിക്കൽ കോളേജുക ളിലെയും മറ്റും നിരവധി ഡോക്ടർമാർ ഈ രോഗികളുടെയെല്ലാം അപേക്ഷ

ക്ഷണിച്ച് അതിൽ സ്ക്രീനിംഗ് നടത്തി ആ സ്ക്രീനിംഗിൽപെട്ടിട്ടുള്ള ആളു കളെ വീണ്ടും പരിശോധിച്ചിട്ടാണ് യാഥാർത്ഥ രോഗികളെ കണ്ടെത്തുന്നത്. അതെങ്ങനെയാണ് ഭീഷണിപ്പെടുത്തലായി മാറുക? ഈ ഡോക്ടർമാരെ യെല്ലാം ഭീഷണിപ്പെടുത്താൻ കഴിയുമോ? അപ്പോൾ ബോധപൂർവ്വം കള്ളപ്ര ചാരവേല സംഘടിപ്പിക്കുകയാണ് ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നത് എൻഡോസൾഫാൻ കമ്പനിയാണ്. ആയിരങ്ങൾ ഇപ്പോഴും ഈ ലിസ്റ്റിന് പുറത്താണ്. അപ്പോഴാണ് സമരക്കാരായിട്ടുള്ള ഇരകളെ ദേശദ്രോഹികളെന്ന് മുദ്രകുത്തി അവർക്കെതിരായി നടപടി സ്വീകരിക്കാൻ വേണ്ടി തുനിയുന്നത്. ഇതെന്ത് നീതിയാണ്? ഇത് അംഗീകരിക്കാൻ കഴിയുമോ? മൂന്നാമത്തെ കാര്യം, ട്രിബ്യൂണൽ സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് ഇവിടെ ബഹുമാന പ്പെട്ട മന്ത്രി പറഞ്ഞു. ജസ്റ്റിസ് രാമചന്ദ്രൻ നായരെ ട്രിബ്യൂണലിന്റെ ചെയർമാനാക്കി. അദ്ദേഹം ട്രിബ്യൂണലിനെ സംബന്ധിച്ചല്ല പഠിച്ചതും ചർച്ച ചെയ്തതും. അദ്ദേഹം നിലവിലുള്ള രോഗികൾക്ക് കൊടുത്തുകൊണ്ടിരി ക്കുന്ന ആനുകൂല്യങ്ങൾ കൊടുക്കേണ്ടതില്ല എന്ന രീതിയിലുള്ള റിപ്പോർട്ടാണ് സമർപ്പിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് അതിന്റെ അടിസ്ഥാനത്തി ലാണ് നടപടി സ്വീകരിക്കുന്നത് എന്നാണ്. അപ്പോൾ കിട്ടുന്ന ആനുകൂല്യ ങ്ങൾ പോലും നിഷേധിക്കാനാണ് ജസ്റ്റിസ് രാമചന്ദ്രൻ നായരുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത് എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഈ റിപ്പോർട്ട് സമർപ്പിച്ചപ്പോൾ തന്നെ ആ സ്ഥലത്തെ മുഴുവൻ ആളുകളും, രാഷ്ട്രീയ പാർട്ടിക്കാരും, സാമൂഹ്യ-സാംസ്ക്കാരിക സംഘടനകളും അതു പോലെത്തന്നെ എൻഡോസൾഫാൻ വിരുദ്ധ സമര സമിതിയുമെല്ലാം വളരെ ശക്തമായിട്ടുള്ള പ്രതിഷേധം ഉയർത്തിക്കഴിഞ്ഞിരിക്കുകയാണ്. റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പൂർണ്ണമായിട്ടും തള്ളിക്കളയണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്

18-02-2013 മുതൽ ദിവസങ്ങളോളം നീണ്ടുനിന്ന ഒരു നിരാഹാര സമരം നടക്കുകയുണ്ടായി. രാജ്യം മുഴുവൻ ശ്രദ്ധിച്ചിട്ടുള്ളൊരു നിരാഹാര സമരമാണ് അവിടെ നടന്നത്. അത് ഈ അവകാശങ്ങളെല്ലാം നിഷേധിക്കുന്നതിന്റെ ഭാഗമായിട്ട് ഉയർന്നു വന്നിട്ടുള്ളൊരു സരമമാണ്. ആ സമരം അവസാനിപ്പിക്കുന്നതിനുവേണ്ടി ഈ നിമസഭയിൽത്തന്നെ ഞങ്ങളെല്ലാം പറഞ്ഞതാണ്. അപ്പോൾ മുഖ്യമന്ത്രി പറഞ്ഞു. ഞാൻ എപ്പോൾ വേണമെങ്കിലും തയ്യാറാണ്. അതിന്റെ അടിസ്ഥാനത്തിലാണ് 25-03-2013-ൽ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കോൺഫറൻസ് നടന്നത്. ആ കോൺഫറൻസിൽ എം. എൽ. എ മാർ, എം.പി മാർ, ശ്രീ. വി.എം. സുധീരൻ ഉൾപ്പെടെയുള്ള നേതാക്കൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ സാമൂഹ്യ സാംസ്കാരിക രംഗത്തെ പ്രവർത്തകർ, പരിസ്ഥിതി പ്രവർത്തകർ തുടങ്ങി 52-ഓളം ആളുകൾ പങ്കെടുത്തു. ആ കോൺഫറൻസിൽ വച്ച് സുപ്രധാനമായിട്ടുള്ള ചില തീരുമാനങ്ങളെടുത്തു. ആ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സമരം പിൻവലിച്ചു. പക്ഷേ അന്നെടുത്തിട്ടുള്ള തീരുമാനങ്ങൾ പൂർണ്ണമായും നടപ്പിലാക്കണ്ടേ? നടപ്പിലാക്കിയില്ല എന്നുമാത്രമല്ല ദേശീയ മനുഷ്യാവകാശ കമ്മീഷൻ ഇരകൾക്ക് കൊടുക്കണമെന്ന് പറഞ്ഞിട്ടുള്ള അഞ്ചു ലക്ഷം രൂപയും മൂന്നു ലക്ഷം രൂപയുമൊന്നും ഇതുവരെ കൊടുത്തിട്ടുമില്ല. അതുപോലെത്തന്നെ കേരള സാമൂഹ്യനിതി വകുപ്പിന്റെ ആനുകൂല്യങ്ങൾ ഉൾപ്പെടെയുള്ളവ അഞ്ച് വർഷത്തിനപ്പുറം തുടരില്ല എന്നൊരു ഓർഡർ ഈ ഗവൺമെന്റ് ഇറക്കി. എന്തൊരു കഷ്ടമാണ് ഇതെന്ന് ആലോചിച്ചു നോക്കു. പക്ഷേ മുഖ്യമന്ത്രി ആ കോൺഫറൻസിൽ പറഞ്ഞത് അത് ഞങ്ങൾക്ക് പറ്റിയ ഒരു തെറ്റാണ് എന്നാണ്. ആ തെറ്റ് തിരുത്തും. അങ്ങനെ തെറ്റ് തിരുത്തി വേറൊരു സർക്കുലർ ഇറക്കി. പക്ഷേ അന്നെടുത്തിട്ടുള്ള ഒരുപാട് തീരുമാനങ്ങളുണ്ട്. ആ തീരു

മാനങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി തയ്യാറാവണ്ടേ? ആ തീരുമാനങ്ങൾ നടപ്പിലായില്ലെന്ന് മാത്രമല്ല ഇരകളെ ക്രിമിനൽ കുറ്റവാളികളാക്കിമാറ്റുന്ന അത്യന്തം ദയനീയമായിട്ടുള്ള കാര്യം ഇവിടെ നടന്നു. ഇതാണ് ഇന്നത്തെ ഈ സമരത്തിന് ആധാരം. ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിശ്ചയിച്ച ആനുകൂല്യങ്ങളും സംസ്ഥാന സാമൂഹ്യനീതി വകുപ്പ് അനുവദിച്ച ആനുകൂല്യങ്ങളും അഞ്ച് വർഷത്തിനുശേഷവും തുടരും. ഇതാണ് അന്നത്തെ ആ കോൺഫറൻസിലെ വളരെ പ്രധാനമായിട്ടുള്ള തീരുമാനം. കടങ്ങൾ സംബന്ധിച്ച് അന്വേഷിച്ച് തീരുമാനിക്കാൻ ജില്ലാ കളക്ടർ ഉൾപ്പെടെ നാലു പേരെ ചുമതലപ്പെടുത്തി. ഇന്നും ആ റിപ്പോർട്ട് വെളിച്ചം കണ്ടിട്ടില്ല. അതിനെ സംബന്ധിച്ച് ജില്ലാ കളക്ടറോട് അന്വേഷിച്ചപ്പോൾ റിപ്പോർട്ട് ഉടൻതന്നെ കൊടുക്കുമെന്ന രീതിയിലാണ് പറഞ്ഞത്. മറ്റൊരു കാര്യം പറയാനുള്ളത് ബഡ്സ് സ്കൂളിനെ സംബന്ധിച്ചാണ്. അവിടെ ഒരുപാട് കുട്ടികളുണ്ട്. ഓരോ പഞ്ചായത്തിലും ബഡ്സ് സ്കൂൾ സ്ഥാപിച്ച് അവിടെ അവരെ പരിചരിക്കുകയാണ്. പരിചരിക്കുന്ന ആളുകൾക്ക്, ടീച്ചർമാർക്ക് ആവശ്യമായിട്ടുള്ള വേതനമില്ല. അതുപോലെതന്നെ അവിടെയുള്ള ഹെൽപ്പർക്ക് 1500 രൂപ കൊടുക്കുമെന്ന് ആ കോൺഫറൻസിൽ തീരുമാനമായതാണ്. ഇന്നേവരെ കൊടുത്തിട്ടില്ല. ഇപ്പോൾ പത്ത് മാസം കഴിഞ്ഞു. ഇതൊരു നിസ്സാരമായിട്ടുള്ള കാര്യമാണ്. നമ്മുടെ സാമൂഹ്യനീതി വകുപ്പ് കൊടുക്കേണ്ടതാണ്. ആ കാശു പോലും ഇന്നിപ്പോൾ കൊടുത്തിട്ടില്ല. അതുപോലെതന്നെ ദുരന്തബാധിതരുടെ കടങ്ങൾ. എങ്ങനെയാണ് കടങ്ങളുണ്ടായത്? ഈ ഗവൺമെന്റ് കൊടുക്കുന്ന തുച്ഛമായിട്ടുള്ള കാശുകൊണ്ടൊന്നും ഈ മാരകരോഗികളെ ചികിൽസിച്ച് ഭേദമാക്കാൻ കഴിയില്ല. അതുകൊണ്ട് തങ്ങളുടെ കിടപ്പാടംപോലും വിറ്റുപെറുക്കിയിട്ടാണ് തങ്ങളുടെ പിഞ്ചു മക്കളെയും മറ്റു ബന്ധുക്കളെയുമെല്ലാം തന്നെ

ചികിത്സിക്കുന്നത്. ഇപ്പോൾ വലിയ കടത്തിലാണ്. ബാങ്കിൽ നിന്ന് കിട്ടാവുന്നിടത്തോളം കടം എടുത്തു. ഇപ്പോൾ ജപ്തി നടപടികളിലേക്ക് നീങ്ങുകയാണ്. ആ കടങ്ങൾക്കെല്ലാം ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാറിന്റെ കാലത്ത് മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. ഇപ്പോൾ അത് പ്രഖ്യാപിച്ചുകൊണ്ടേയിരിക്കുകയാണ്. പക്ഷേ പ്രഖ്യാപിച്ചതുകൊണ്ട് കാര്യമുണ്ടോ? അങ്ങനെ പ്രഖ്യാപിച്ചിട്ടും ബാങ്കുകൾ ഇപ്പോൾ ജപ്തി നടപടികളിലേക്കു നീങ്ങുകയാണ്. ഇങ്ങനെയുള്ള അതീവ ഗുരുതരമായിട്ടുള്ള പ്രശ്നമാണ് അവിടെ നിലനിൽക്കുന്നത്. അതിന് പരിഹാരം കണ്ടിട്ടില്ല. അതുപോലെതന്നെ പൗരാവകാശ രേഖ. ഈ ഇരകൾക്ക് എന്തെല്ലാം കാര്യങ്ങൾക്ക് അർഹതയുണ്ടോ അതെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് ഒരു പൗരാവകാശരേഖ അടിയന്തരമായി ഇറക്കുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി. പക്ഷേ ഇന്നേവരെ അതുണ്ടായിട്ടില്ല. മുഖ്യമന്ത്രി പറഞ്ഞത് രണ്ടായിരത്തിലധികം കാൻസർ രോഗികൾക്ക് മൂന്ന് ലക്ഷം രൂപ വീതം കൊടുക്കുമെന്നാണ്. പക്ഷേ 366 ആളുകൾക്ക് ഇതുവരെ കൊടുത്തിട്ടില്ല. കുറച്ചൊക്കെ കൊടുത്തിട്ടുണ്ടാകും. പക്ഷേ മുഴുവൻ ആളുകൾക്കും കൊടുത്തിട്ടില്ല. അതിന്റേതായിട്ടുള്ള അസംതൃപ്തി അങ്ങേയറ്റം അവിടെ നിലനിൽക്കുകയാണ്. സൗജന്യ റേഷൻ, ചികിത്സ, പെൻഷൻ ഇതൊക്കെ മുഖ്യമന്ത്രി സമ്മതിച്ചതാണ്. ക്യാമ്പുകൾ സംഘടിപ്പിക്കുമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും ഒരു ക്യാമ്പ് മാത്രമേ ഇതുവരെ സംഘടിപ്പിച്ചിട്ടുള്ളു. ഈ 11 പഞ്ചായത്തുകൾക്കു പുറമേ കണ്ണൂർ ജില്ലയിലും മറ്റുമുള്ള ആയിരക്കണക്കിനു രോഗികളുണ്ട്. അവർക്കൊന്നും ഒരു ആശ്വാസവുമില്ല, ഒരു ആനുകൂല്യവുമില്ല. അവരിതിന്റെ ഭാഗമല്ലേ? സർക്കാർ ചെയ്ത കുറ്റത്തിന്റെ ഇരയല്ലേ അവർ? അവരെ സംരക്ഷിക്കേണ്ട ബാധ്യത ഗവൺമെന്റിനില്ലേ? 11 പഞ്ചായത്ത്, കാസർഗോഡ് ജില്ലയിലെ അഞ്ച്

എം.എൽ.എ മാരുടെ മണ്ഡലങ്ങളിലായിട്ടാണ് ഈ പതിനായിരക്കണക്കായിട്ടുള്ള കാഷ്യൂ പ്ലാന്റേഷൻ ഉള്ളത്.

എന്മകജെയെന്നുപറയുന്ന ഒരു പഞ്ചായത്തുണ്ട്. അവിടെ വിരകളോ പക്ഷികളോ, പൂമ്പാറ്റകളോ, തവളകളോ, പാമ്പുകളോ ഒന്നുമില്ല. വെള്ളവും മണ്ണും വായുവമെല്ലാം മലിനമായിരിക്കുകയാണ്. എന്മകജെയെന്നുപറയുന്ന ഒരു നോവൽതന്നെ ഇതുമായി ബന്ധപ്പെട്ട് വന്നിട്ടുണ്ട്. സിനിമയും ഉണ്ടായിട്ടുണ്ട്. ഇങ്ങനെയുള്ള നിരവധി പ്രശ്നങ്ങൾക്ക് അടിയന്തരമായി പരിഹാരം കാണണം. പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കാൻ തയ്യാറാകണം. ഈ നാട്ടിന്റെ ഈ പ്രശ്നം ശ്രദ്ധയിൽകൊണ്ടുവന്നത് ശ്രീ. വി. എസ്. അച്ചുതാനന്ദനാണ്. പ്രതിപക്ഷനേതാവും ശ്രീ. ഉമ്മൻ ചാണ്ടി, മുഖ്യമന്ത്രിയുമായിരുന്ന അവസരത്തിൽ ഇതെല്ലാം പറഞ്ഞിട്ടും ഗവൺമെന്റ് ചെവികൊണ്ടില്ല. പക്ഷെ, പ്രതിപക്ഷ നേതാവ് അവിടെ വന്ന് വീടുകളിലെല്ലാം പോകുകയും രോഗികളെയെല്ലാം സന്ദർശിക്കുകയും ചെയ്തു. എന്നിട്ട് ഈ അസംബ്ലിയിൽ വന്ന് ഫോട്ടോ സഹിതം വളരെ ഉജ്ജ്വലമായി അദ്ദേഹം സംസാരിച്ചു. പക്ഷെ ഒരു ഫലവുമുണ്ടായില്ല. ആ ഗവൺമെന്റ് പോയി, ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ ഗവൺമെന്റ് വന്നപ്പോൾ അദ്ദേഹം ആദ്യമാസംതന്നെ അവിടെ ആ ഇരകളെ വീണ്ടും വീടുകളിൽപ്പോയി കണ്ടു. മരിച്ചവരുടെ കുടുംബങ്ങൾക്ക് 50,000/- രൂപ വീതം ധനസഹായം നൽകി. അതുപോലെതന്നെ ചികിത്സാ സൗകര്യങ്ങളും മറ്റും നൽകി. അന്നത്തെ ആരോഗ്യവകുപ്പുമന്ത്രി ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ വളരെ ശ്ലാഘനീയമായിട്ടുള്ള പ്രവർത്തനമാണ് അവിടെ നടത്തിയത്. ആ ഗവൺമെന്റ് പോയി ഈ ഗവൺമെന്റ് വന്നു. അവർക്കും ചെയ്യാതിരിക്കാൻ നിർവ്വാഹമില്ല, 50,000/- രൂപ 1,00,000/- രൂപയാക്കി വർദ്ധിപ്പിച്ചു. ക്യാമ്പുകൾ നടത്തണമെന്നു പറഞ്ഞിട്ട് ക്യാമ്പുകൾ നടത്തിയിട്ടില്ല.

ആ ക്യാമ്പുകളിലൂടെ ആയിരക്കണക്കിന് ആളുകൾ ഇനിയും വരാനുണ്ട്. ഇങ്ങനെ ഒട്ടേറെ പ്രശ്നങ്ങൾ നിലനിൽക്കുന്ന ഒരു സന്ദർഭമാണിത്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, അതുപോലെ എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കുന്ന ആളുകളുണ്ട്. അവർക്ക് 400 രൂപയാണ് അലവൻസ്, അത് 700 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും ഇതുവരെ നൽകിയിട്ടില്ല. ഇങ്ങനെയുള്ള ഒട്ടേറെ കാര്യങ്ങളാണ് ഈ സമരത്തിന് ആധാരമായി വന്നിട്ടുള്ളത്. ഇത് നീതി നിഷേധവും വാഗ്ദാന ലംഘനവുമാണ്. ഈ വാഗ്ദാന ലംഘനത്തിനും നീതി നിഷേധത്തിനുമെതിരായി എവിടെപ്പോകണം? കഴിഞ്ഞ വർഷം 15 കോടി രൂപ ബഡ്ജറ്റിൽ ഇതിനുവേണ്ടി നീക്കിവച്ചിരുന്നു. ഈ വർഷം ഒറ്റ നയാപൈസ പോലുമില്ല. 35 കോടി രൂപയെങ്കിലും ഇക്കൊല്ലം ആനുകൂല്യം നൽകാൻവേണ്ടിവരുമെന്നാണ് അവിടത്തെ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞത്. പ്ലാന്റേഷൻ കോർപ്പറേഷൻ 26 കോടി രൂപ നൽകുമെന്നാണ് ഇപ്പോൾ മുഖ്യമന്ത്രി പറഞ്ഞത്. അതുകൊണ്ടായിരിക്കും ഈ വർഷം ബഡ്ജറ്റിൽ തുക വകയിരുത്താതിരുന്നത്. എങ്ങനെ മുമ്പോട്ടുപോകും ഈ പാവപ്പെട്ട ജനങ്ങൾ? ആരാണ് ഇതിന് ഉത്തരവാദി; ഈ ഗവൺമെന്റല്ലേ? ഗവൺമെന്റിന്റെ തെറ്റായ സമീപനംമൂലമല്ലേ ഇതെല്ലാം ഉണ്ടായത്? അതുകൊണ്ട് എനിക്ക് പറയാനുള്ളത്, ഇത് അത്യന്തം ഗൗരവതരമായിട്ടുള്ള ഒരു പ്രശ്നമാണ്. അതുകൊണ്ട് ഈ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ചയ്ക്ക് വിധേയമാക്കണമെന്നാണ് ഞാൻ ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നത്. (ശ്രീ. ഉമ്മൻ ചാണ്ടി)

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), ഗവൺമെന്റ് കുറെ കാര്യങ്ങളൊക്കെ ചെയ്തിട്ടു

ണ്ട്, പക്ഷേ കിട്ടേണ്ടവിധത്തിൽ കിട്ടുന്നില്ലായെന്ന് ആദ്യം തന്നെ പറഞ്ഞു. ബഹുമാനപ്പെട്ട മെമ്പർകൂടി അംഗമായിട്ടുള്ള ഒരു കമ്മിറ്റി അവിടെയുണ്ട്.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രിയായ ശ്രീ. കെ. പി. മോഹനൻ അദ്ധ്യക്ഷനായ പ്രസ്തുത കമ്മിറ്റി മൂന്നുമാസമായി കൂടുന്നില്ല...... (ബഹളം)

മി. സ്പീക്കർ: നോ.. നോ.. പ്ലീസ്... പ്ലീസ്...

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഈ കമ്മിറ്റി കൂടാതിരുന്നിട്ടില്ല. എനിക്ക് ലഭിച്ച റിപ്പോർട്ട് അനുസരിച്ച് ഈ മാസം 25-ാം തീയതി ശനിയാഴ്ചയും കമ്മിറ്റി ചേർന്നു.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, അതു സംബന്ധിച്ച് ഞങ്ങൾക്ക് വിവരമില്ല, എം.പി.ക്കും വിവരമില്ല. പല ആളുകൾക്കും വിവരമില്ല. ജില്ലാ പഞ്ചായത്ത്....

മി. സ്പീക്കർ: ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), അങ്ങ് അവതരിപ്പിച്ചല്ലോ, മുഖ്യമന്ത്രി മറുപടി പറയട്ടെ.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായിരുന്നപ്പോൾ എല്ലാ മാസവും യോഗം ചേരുമായിരുന്നു. ഇപ്പോൾ നടക്കുന്നില്ല.

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പറയാം. 24.10.2013-ൽ നടന്ന യോഗത്തിൽ ഞാനും അദ്ദേഹവും പങ്കെടുത്തിരുന്നു. 25-01-2013-ൽ വിളിച്ചു ചേർത്ത യോഗത്തിൽ ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) പങ്കെടുത്തിരുന്നു.

എല്ലാവർക്കും വിവരം നൽകിയിരുന്നു. അതുമാത്രമല്ല കൃത്യമായി സെല്ലിൽ പറയുന്ന കാര്യങ്ങൾ ഉടനടി നടപ്പിലാക്കുകയും അടുത്ത സെല്ലിൽ അതിന് പരിഹാരം കാണുകയും ചെയ്യുകയാണ്. ഈ പറഞ്ഞ രീതിയിൽ എന്ത് കാര്യങ്ങൾ സെല്ലിൽ പറയുന്നോ ആ കാര്യങ്ങൾ തീരുമാനിക്കുവാൻ.... അടിയന്തരപ്രമേയം വന്ന കാരണമെന്താണെന്ന് ഞാൻ പറയട്ടെ. ഇത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സബ്മിഷനായി കൊണ്ടുവന്നതാണ്. പിന്നെന്തിനാണ് അതിനൊരു അടിയന്തര പ്രമേയം? അദ്ദേഹം കൊണ്ടുവന്ന സബ്മിഷന് പിന്നെയൊരു അടിയന്തരപ്രമേയത്തിന്റെ ആവശ്യമുണ്ടോ? .... (ബഹളം).. ഇനി അടിയന്തര പ്രമേയം അവതരിപ്പിച്ചു, ..... (ബഹളം).. ഞങ്ങൾ പറയുന്നതൊന്ന് കേൾക്കൂ. ഈ യോഗം കൃത്യമായി എല്ലാമാസവും വിളിച്ചു ചേർക്കുന്നുണ്ട്. ഈ കഴിഞ്ഞ 25-ാം തീയതി നടന്ന യോഗത്തിൽ എനിക്ക് പങ്കെടുക്കാൻ സാധിച്ചില്ല. അതിനു മുമ്പ് നടന്ന യോഗങ്ങളിലൊക്കെ ഞാൻ പങ്കെടുത്തിരുന്നു. അതിൽ പരാമർശിക്കപ്പെടുന്ന കാര്യങ്ങൾക്ക് മുഴുവനും പരിഹാരം കാണുകയും ഏതെങ്കിലും ഒന്നോ രണ്ടോ കാര്യങ്ങൾ വിട്ടുപോയിട്ടുണ്ടെങ്കിൽ അടുത്ത യോഗത്തിൽ പരിഹാരം കാണുകയും ചെയ്യുന്നുണ്ട്. അത് വളരെ നല്ല രീതിയിൽതന്നെ നടന്നുവരുന്നുണ്ട്. അതു ബഹുമാനപ്പെട്ട ഉദുമ എം.എൽ.എ.യ്ക്കുമറിയാം, കാഞ്ഞങ്ങാട് എം.എൽ.എ. ശ്രീ. ഇ. ചന്ദ്രശേഖരനുമറിയാം, എം.പി.ക്കുമറിയാം, അവിടത്തെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ശ്യാമളാ ദേവിക്കുമറിയാം. അതിൽ യാതൊരു സംശയവുമില്ല. നല്ല ചർച്ചയാണ് നടക്കാറുള്ളത്. ഈ കഴിഞ്ഞ യോഗത്തിൽ ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) പങ്കെടുത്തിരുന്നില്ല. അതുകൊണ്ടാണ് ഇതിനെക്കുറിച്ച് അറിയാതെ പോയത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഈ കമ്മിറ്റി സജീവമായി പ്രവർത്തിക്കുന്നുണ്ട്. ഇവിടെ അസംബ്ലിയായതുകൊണ്ട് ശനിയാഴ്ച മാത്രമേ കമ്മിറ്റി കൂടാൻ സാധിക്കുകയുള്ളൂ. ഈ മാസം 25-ാം തീയതി ശനിയാഴ്ച അതിന്റെ ഏറ്റവും ഒടുവിലത്തെ കമ്മിറ്റി കൂടി. കാര്യങ്ങളെല്ലാം ചർച്ച ചെയ്തിട്ടുണ്ട്. എൻഡോസൾഫാൻ കമ്പനി കൊടുത്ത ഒരു പരാതിയിലെ പരാമർശങ്ങളാണ് ഇവിടെ പറഞ്ഞത്. അതിനിപ്പോൾ കേന്ദ്ര ഗവൺമെന്റിനും ഞങ്ങൾക്കും എന്തുചെയ്യാൻ സാധിക്കും? എൻഡോസൾഫാൻ കമ്പനി കൊടുത്ത ഒരു പരാതിക്കകത്ത് സമരം നടത്തുന്നവരെ കുറിച്ച് എന്തോ പരാമർശം നടത്തിയതിന്റെ കാര്യത്തിൽ ഞങ്ങളെയെങ്ങനെ കുറ്റപ്പെടുത്താൻ കഴിയും? അങ്ങനെയൊരു പരാതി കിട്ടിയാൽ എല്ലാപേർക്കുമറിഞ്ഞുകൂടേ സ്വാഭാവികമായും അത് അയച്ചുകൊടുക്കും. അതുപോലെ സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം ആരായുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിൽനിന്ന് ഇങ്ങോട്ട് അയച്ചുവെന്നതിൽകവിഞ്ഞ് അതിനകത്ത് കേന്ദ്ര ഗവൺമെന്റിന്റെയോ സംസ്ഥാന ഗവൺമെന്റിന്റെയോ അഭിപ്രായമോ അവരുടെ സമീപനമോ ഒന്നുമായിട്ട് അത് കാണേണ്ടതില്ല. രണ്ടാമതായി, ജസ്റ്റിസ് രാമചന്ദ്രൻ നായർ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് പറഞ്ഞു. ആ റിപ്പോർട്ടിലെ ശുപാർശകൾ ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) കൂടി പങ്കെടുത്ത, 24-10-2013-ൽ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ കമ്മിറ്റി യോഗത്തിൽ ചർച്ചചെയ്തതാണ്. അവിടെ എന്താണ് ചർച്ച ചെയ്തത്; ആ കമ്മിറ്റിയുടെ റിപ്പോർട്ട് ചർച്ച ചെയ്തതിനു ശേഷം മാത്രമെ ഗവൺമെന്റ് അംഗീകരിക്കാവൂ എന്നാണ്.

ശ്രീ. റ്റി. വി. രാജേഷ്: സർ,

മി. സ്പീക്കർ: ശ്രീ. റ്റി. വി. രാജേഷ്, പ്ലീസ്.. പ്ലീസ്.. നോ.. അതു ശരിയല്ല. മുഖ്യമന്ത്രി മറുപടി പറയുകയാണ്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, ആ റിപ്പോർട്ട് എല്ലാപേരുടെയും അഭിപ്രായങ്ങളറിഞ്ഞതിനുശേഷം മാത്രമെ തീരുമാനിക്കുകയുള്ളൂവെന്ന് അവിടെ വച്ച് മന്ത്രി അപ്പോൾ തന്നെ പറഞ്ഞു. അതാണ് രണ്ടാമതായി പറഞ്ഞ കാര്യം. 25–03–2013–ൽ ഉണ്ടാക്കിയ എഗ്രിമെന്റിനെക്കുറിച്ച് പറഞ്ഞു. നമ്മളെല്ലാപേരുംകൂടി അവിടെപ്പറഞ്ഞ എല്ലാ കാര്യങ്ങളും ഗവൺമെന്റ് സമ്മതിച്ചില്ലേ; ഏതെങ്കിലുമൊരു കാര്യം ഗവൺമെന്റ് സമ്മതിക്കാതിരുന്നോ? അന്നുപറഞ്ഞ ഓരോ കാര്യങ്ങൾ, ഒന്ന്, ഈ 11 പഞ്ചായത്തുകളിൽ കൂടുതൽ പ്രദേശങ്ങളെ ഉൾപ്പെടുത്തണം, അതിന് അനുകൂലമായ തീരുമാനമെടുത്തു. ക്യാൻസർ രോഗികൾക്കുകൂടി ഇതിന്റെ ആനുകൂല്യം നൽകണം, മനുഷ്യാവകാശ കമ്മീഷന്റെ റിപ്പോർട്ടിനകത്ത് അത് പറഞ്ഞിട്ടില്ല, നമ്മളതും തീരുമാനിച്ചു. ക്യാൻസർ രോഗികൾക്ക് 3 ലക്ഷം രൂപ നൽകാൻ തീരുമാനിച്ചതിൽ ആദ്യത്തെ ഗഡു കൊടുത്തുകഴിഞ്ഞു. അതുപോലെതന്നെ ഇവരുടെ കടങ്ങൾ എഴുതിത്തള്ളണമെന്നതാണ് പിന്നീട് പറഞ്ഞത്. അതിന് കളക്ടർ ചെയർമാനായിട്ടുള്ള കമ്മിറ്റിയെ നിയോഗിച്ചു. ആ കമ്മിറ്റിയുടെ റിപ്പോർട്ട് ഈ മാസം 31–ാം തീയതി ലഭിക്കും. അങ്ങനെ ഓരോന്നും സമയബന്ധിതമായി ചെയ്തിട്ടുണ്ട്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, എന്റെ ശ്രദ്ധയിൽപ്പെട്ടൊരുകാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്, എൻഡോസൾഫാൻ നിരോധിച്ചിട്ട് ഇപ്പോൾ 12 വർഷമായി. ഇപ്പോഴും രോഗബാധിതരായിട്ടുള്ള കുട്ടികൾ ജനിക്കുന്നു. അവിടെ ഉണ്ടായ ഒരു പ്രശ്നം പുല്ലൂര് പെരിയ പഞ്ചായത്തിൽ സിനാൽ എന്നുപറയുന്ന ഒരു കുട്ടി ശരീരത്തെക്കാൾ വലിയ തലയുമായിട്ടാണ് ജനിച്ചത്. ദുഃഖകരമായ ഒരു സംഭവമായിരുന്നു അത്. ചികിത്സ നല്ല രീതിയിൽ ചെയ്യാൻ ശ്രമിച്ചിട്ടും ഒരു

ഫലവുമുണ്ടായില്ല. അവസാനം ആ കുട്ടി മരിച്ചു. 1.5 ലക്ഷം രൂപയാണ് ഗവൺമെന്റ് നൽകിയത്. ആ കുട്ടിക്ക് ചികിത്സയ്ക്കുവേണ്ടി വീട്ടുകാർ മുഴുവൻ സ്ഥലവും വീടും വിറ്റു. ഇപ്പോൾ അവർക്ക് താമസിക്കാൻ സ്ഥലമില്ല. ഭൂരഹിത കേരളം പ്രഖ്യാപിച്ചിട്ടും അവർക്ക് സ്ഥലവും വീടും എന്തുകൊണ്ടാണ് നൽകാൻ സാധിക്കാത്തത്?

<u>ശ്രീ. ഉമ്മൻചാണ്ടി:</u> സർ, ഇങ്ങനെയുള്ളവരുടെ ചികിൽസാ ചെലവ് മുഴുവൻ ഗവൺമെന്റ് വഹിക്കും. അവരെ ഗവൺമെന്റാശുപത്രിയിൽ മാത്രമല്ല മംഗലാപുരം ആശുപത്രിയിൽ പോലും അയച്ച് ചികിൽസിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഒന്നാമതായി ഏതു വിധത്തിലുള്ള ചികിൽസയും അവർക്ക് ലഭ്യമാക്കുന്നതിന് ഗവൺമെന്റ് ശ്രമിക്കും. രണ്ടാമതായി ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ സാഹചര്യത്തിൽ ഞാൻ അതിനെക്കുറിച്ച് പ്രത്യേകമായി അന്വേഷിക്കും. ഇങ്ങനെയുള്ള ഒരു കുടുംബത്തിനും ഒരു ബുദ്ധിമുട്ടും ഉണ്ടാകാൻ പാടില്ല എന്ന നിലപാടാണുള്ളത്. ഞാൻ നേരത്തേ പറഞ്ഞതുപോലെ എൻഡോസൾഫാൻ ബാധിതരായിട്ടുള്ളവർക്ക് നൽകുന്ന ആനുകൂല്യം സംബന്ധിച്ച് ഒരു തർക്കമില്ല. ഇത് ഈ സമൂഹത്തിന്റെ ഒരു ദു:ഖമാണ്. ആ നില കണ്ടുകൊണ്ടുതന്നെയാണ് പ്രവർത്തിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) കഴിഞ്ഞ ഗവൺമെന്റ് ചെയ്ത സഹായത്തെക്കുറിച്ച് പറഞ്ഞു. ഞങ്ങളൊരിക്കലും അവർ സഹായം ചെയ്തില്ല എന്നുപറയില്ല. അന്ന് എല്ലാവർക്കും അമ്പതിനായിരം രൂപ വച്ച് കൊടുക്കാൻ തീരുമാനിച്ചു. പക്ഷേ കൊടുക്കാൻ തീരുമാനിച്ചവരിൽ പകുതിപ്പേർക്കുമാത്രമേ കൊടുക്കാൻ സാധിച്ചുള്ളു. ഈ ഗവൺമെന്റ് വന്നയുടൻ തന്നെ ഒരു ലക്ഷം രൂപ കൊടുക്കാൻ തീരുമാനിച്ചു. അമ്പതിനായിരം രൂപ കൊടുത്തവർക്ക് ബാക്കി അമ്പതിനായിരം രൂപയും

കിട്ടാത്തവർക്ക് ഒരുലക്ഷം രൂപയും കൊടുക്കാൻ തീരുമാനിച്ചു. അതിനു ശേഷം ഈ രണ്ടര വർഷത്തിനുള്ളിൽ ഇത് സംബന്ധിച്ച് എടുത്തിട്ടുള്ള തീരുമാനങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചാൽ മനസ്സിലാകും. അതിൽ പ്രതിപക്ഷവും ഭരണപക്ഷവും എന്നൊരു വ്യത്യാസമേയില്ല. ശ്രീ. കെ. പി. മോഹനൻ ചെയർമാനായിട്ടുള്ള കമ്മിറ്റിയിൽ എടുക്കുന്ന തീരുമാന ങ്ങളെല്ലാം സമയബന്ധിതമായി തന്നെ നടപ്പിലാക്കിയിട്ടുണ്ട്. ഇനിയും പോരാ യ്മകളുണ്ടെങ്കിൽ എന്തൊക്കെയാണ് എന്ന് പറഞ്ഞാൽ നമുക്ക് ചർച്ച ചെയ്യാം. പക്ഷേ ഏത് വിഷയമായാലും ഒരു തത്വത്തിനുള്ളിൽ നിന്നു കൊണ്ടു മാത്രമേ നമുക്ക് പ്രവർത്തിക്കാൻ സാധിക്കൂ. അത് ഈ കമ്മിറ്റി യിൽപ്പെട്ട എല്ലാവരും അംഗീകരിച്ചിട്ടുണ്ട്. ഒരു നിയന്ത്രണവും ഇല്ലാതെ കാര്യ ങ്ങൾ മുമ്പോട്ടു പോകണം എന്ന് പറയുന്ന ചിലരുണ്ട്. ബഹുമാനപ്പെട്ട ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) – ന് അത് അറിയാം. അതിനോട് ആരും യോജിച്ചിട്ടില്ല. അതേ സമയം നമുക്ക് ഈ ദുരന്തത്തിന് വിധേയരായിട്ടുള്ള വർക്ക് എന്തൊക്കെ കാര്യങ്ങൾ ചെയ്യാൻ സാധിക്കുമോ അതെല്ലാം ഇനിയും ചെയ്യും. അക്കാര്യത്തിൽ നമുക്ക് യാതൊരു അഭിപ്രായവ്യത്യാസത്തിനും സ്ഥാനമില്ല. നമ്മൾ അവരെ സഹായിച്ചേ പറ്റൂ. കാരണം അത് നമ്മുടെ സമൂ ഹത്തിന്റെയും ഗവൺമെന്റിന്റെയും ഉത്തരവാദിത്വമാണ്. അത് ചെയ്യാൻ തയ്യാറുമാണ്. ഇനിയാണെങ്കിലും അക്കാര്യങ്ങളുമായി മുമ്പോട്ടു പോകും എന്ന് വ്യക്തമാക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. അതു കൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല എന്നാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ: മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാന ത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി എൻഡോസൾഫാൻ ദുരിതബാധിതരെ സംബന്ധിച്ച് നമുക്ക് ചർച്ച ചെയ്യാം, ചർച്ച ചെയ്തിട്ട് എന്തൊക്കെയാണോ തീരുമാനിക്കേണ്ടത്, അങ്ങനെയുള്ള ആളുകൾക്ക് ആവശ്യമായ എല്ലാ സഹായങ്ങളും ചെയ്യാമെന്നാണ് ഇപ്പോൾ സഭയിൽ പറഞ്ഞിട്ടുള്ളത്. 2013 മാർച്ച് 25-ന് ജനപ്രതിനിധികളുടെ യോഗത്തിൽ മുഖ്യമന്ത്രി പ്രഖ്യാപിച്ച ഒത്തുതീർപ്പുവ്യവസ്ഥകൾ പാലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് എൻഡോസൾഫാൻ ഇരകളും അമ്മമാരും റിപ്പബ്ലിക് ദിനത്തിൽ മുഖ്യമന്ത്രിയുടെ വസതിക്കുമുമ്പിൽ അനിശ്ചിതകാല കഞ്ഞിവയ്പ്പ് സമരം ആരംഭിച്ചത് എന്ന് അങ്ങ് അറിഞ്ഞിരിക്കുമല്ലോ; കീടനാശിനി ലോബികളുടെ സമ്മർദ്ദത്തിന് കീഴ്വഴങ്ങിയാണ് ഗവൺമെന്റ് നീങ്ങുന്നത്. ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശകൾ പൂർണ്ണമായും അടിയന്തരമായും നടപ്പിലാക്കുക, ദുരിതബാധിതരുടെ കടങ്ങൾ എഴുതിത്തള്ളുക, നഷ്ടപരിഹാരം നൽകുന്നതിനും കുറ്റവാളികളെ ശിക്ഷിക്കുന്നതിനും ആവശ്യമായ തരത്തിൽ പ്രത്യേക ട്രൈബ്യൂണലുകൾ സ്ഥാപിക്കുക എന്നിവയാണ് സമരത്തിന് ആധാരമായ വിഷയങ്ങൾ. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ കാസർഗോഡ് ജില്ലയിലെ 27 പഞ്ചായത്തുകളിലും 3 മുനിസിപ്പാലിറ്റികളിലും ഉൾപ്പെട്ട എൻഡോസൾഫാൻ ഇരകളെ കണ്ടെത്തി വൈദ്യസഹായവും പെൻഷനും നൽകിവന്നിരുന്നു. എന്നാൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ നടപ്പിലാക്കാൻ കശുമാവിൻ തോട്ടങ്ങളുള്ള 11 പഞ്ചായത്തുകളെ മാത്രമാണ് പരിഗണിച്ചിട്ടുള്ളത്. 27 പഞ്ചായത്തുകളിലെയും 3 മുനിസിപ്പാലിറ്റികളിലെയും ദുരിതബാധിതർക്ക് സഹായം

നൽകിക്കൊണ്ടിരുന്ന സ്ഥാനത്തിപ്പോൾ കശുമാവിൻ തോട്ടങ്ങളുള്ള 11 പഞ്ചായത്തുകളെ മാത്രമാണ് പരിഗണിച്ചിട്ടുള്ളത്. ഇതുമൂലം ആയിരക്കണക്കിന് രോഗികൾക്ക് മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്ത ആശ്വാസധനം ലഭിച്ചിട്ടില്ല. ദേശീയ മനുഷ്യാവകാശ കമ്മീഷൻ റിപ്പോർട്ട് നൽകുന്ന സമയത്ത് 4182 പേർ മുകളിൽ പറഞ്ഞ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലുമായി രോഗികളായി അംഗീകരിക്കപ്പെട്ടിരുന്നു. പിന്നീട് നടത്തിയ മെഡിക്കൽ ക്യാമ്പുകളിൽ 1318 പേരെ കൂടി കണ്ടെത്തി. അങ്ങനെ ആകെ 5500 പേർ രോഗികളായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഇവരിൽ 2046 പേർക്ക് മാത്രമാണ് ആദ്യഗഡുവായി ഒന്നര ലക്ഷം രൂപയും ഒരു ലക്ഷം രൂപയും കിട്ടിയിട്ടുള്ളത്. ബാക്കി 3454 പേർക്ക് സഹായം ലഭിച്ചിട്ടില്ല. ഒന്നാം ഗഡു കിട്ടിയവർക്ക് ഇതുവരെ രണ്ടാം ഗഡു വിതരണം ആരംഭിച്ചിട്ടില്ല. അതിനാവശ്യമായ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്താമെന്ന് മുഖ്യമന്ത്രി ഉറപ്പുനൽകിയിട്ടും 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിലെ ബഡ്ജറ്റുകളിൽ ഇതിനാവശ്യമായ ചില്ലിക്കാശുപോലും വകകൊള്ളിച്ചിട്ടില്ല. കടബാധ്യത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു. മൂന്നു മാസത്തിനകം റിപ്പോർട്ട് നൽകണമെന്നാണ് നിർദ്ദേശിച്ചിരുന്നത്. എന്നാൽ ഇതുവരെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. അന്ന് കടങ്ങൾ എഴുതിത്തള്ളുതിന് ആറുമാസത്തേക്ക് പ്രഖ്യാപിച്ച മൊറട്ടോറിയത്തിന്റെ കാലാവധി അവസാനിച്ചിട്ട് ആറുമാസം കഴിയുന്നു. ഇപ്പോൾ എൻഡോസൾഫാൻ ഇരകൾ ജപ്തി നടപടികൾക്ക് വിധേയരാണ്. സർക്കാർ പ്രഖ്യാപിച്ച ജസ്റ്റിസ് രാമചന്ദ്രൻനായർ കമ്മീഷൻ ശുപാർശകൾ ദുരിതബാധിതരെ ചുരുക്കിക്കാണി

ക്കാനും എൻഡോസൾഫാൻ ഇരകളെ പുച്ഛിക്കാനും മാത്രമേ ഉപകരിക്കൂ. ഈ കമ്മീഷന്റെ കണ്ടെത്തലുകൾ അങ്ങേയറ്റം തലതിരിഞ്ഞതും അതു കൊണ്ടുതന്നെ തള്ളിക്കളയേണ്ടതുമാണ് എന്നു ഞാൻ ആവശ്യപ്പെടുക യാണ്. എൻഡോസൾഫാൻ ഇരകളുടെ ന്യായമായ അവകാശങ്ങളും ആവശ്യങ്ങളും അംഗീകരിക്കാനും അവരുടെ സമരം അവസാനിപ്പിക്കാനും മുഖ്യമന്ത്രി ഉടൻ ഇടപെടണമെന്നും ഇന്നുതന്നെ ബന്ധപ്പെട്ടവരുടെ മീറ്റിംഗ് വിളിച്ചുകൂട്ടി ചർച്ച ചെയ്ത് സമരം അവസാനിപ്പിക്കണമെന്നുമാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇത് മാതൃഭൂമിയിൽ വന്ന എൻഡോസൾഫാൻ ഇര കളുടെ ഒരു ഫോട്ടോയാണ് (പത്രം ഉയർത്തിക്കാണിക്കുന്നു). രണ്ടുകുഞ്ഞു കളുടെ ഇരിപ്പ് കണ്ടോ; മനുഷ്യസ്നേഹികളായിട്ടുള്ള ആളുകൾ പലരും അംഗീകരിച്ചിട്ടുള്ള ഇതുപോലുള്ള രോഗികളുടെ പ്രശ്നത്തെ സംബന്ധിച്ച് ഗവൺമെന്റ് വേണ്ടപോലെ ശ്രദ്ധിക്കുന്നില്ല, സഹായിക്കുന്നില്ല എന്നാണ് ഞങ്ങളുടെ ആക്ഷേപം. നൽകിയിട്ടുള്ള ആനുകൂല്യങ്ങളും സഹായങ്ങളും നന്ദിയോടെ ഞങ്ങൾ ഓർക്കുന്നു. അതേസമയം തന്നെ എന്തുകൊണ്ട് ദുരിതബാധിതർ ഇപ്പോൾ മുഖ്യമന്ത്രിയുടെ വീടിന്റെ വാതിൽക്കൽ കഞ്ഞി വയ്പ്പുസമരം ആരംഭിച്ചിരിക്കുന്നു? പ്രഖ്യാപനങ്ങൾ അനുസരിച്ച് കാര്യങ്ങൾ നടക്കുന്നില്ല എന്ന യാഥാർത്ഥ്യംകൊണ്ടാണ് ഈ രോഗികളും അമ്മമാരും എല്ലാവരും എത്തിയിട്ടുള്ളത്. അതുകൊണ്ട് അവരുടെ പ്രശ്നം അനുഭാവ പൂർവ്വം പരിഗണിക്കാൻ തക്കവിധത്തിലുള്ള നിലപാട് ഗവൺമെന്റ് സ്വീകരി ക്കണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. സമരക്കാ രെയും അവരുടെ പ്രതിനിധികളെയും വിളിച്ചുകൂട്ടി മുഖ്യമന്ത്രി ഇന്നുതന്നെ ഈ പ്രശ്നം ചർച്ചചെയ്ത് ഒരു പരിഹാരമുണ്ടാക്കണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. ഉമ്മൻചാണ്ടി: സർ, ചർച്ചയ്ക്ക് ഞാൻ ഒരിക്കലും എതിരല്ല. അങ്ങ് പറഞ്ഞപോലെ ഒന്നാം ഗഡു എല്ലാവർക്കും കൊടുത്തു കഴിഞ്ഞു. രണ്ടാം ഗഡുവിന് ഉത്തരവ് നൽകി. അതിനാവശ്യമായിട്ടുള്ള ഫണ്ടും അനുവദിച്ചി ട്ടുണ്ട്. അക്കാര്യത്തിൽ ഒന്നും ഒരു തർക്കവും ഉണ്ടാകില്ല. കടങ്ങൾ എഴുതി ത്തള്ളുന്നതിന് മൊറട്ടോറിയം ഇപ്പോഴുണ്ട്. അതിന്റെ റിപ്പോർട്ട് ഈ മാസം 31-ന് ലഭിക്കും. അതിനുശേഷം ഇതുസംബന്ധിച്ച് ഒരു തീരുമാനമെടുക്കും. 11 പഞ്ചായത്തുകളിൽ മാത്രമല്ല, എൻഡോസൾഫാൻ ബാധിതർ കൂടുത ലുള്ള പ്രദേശങ്ങളിലേക്കുകൂടി ഈ ആനുകൂല്യം കൊടുക്കണമെന്ന് പറഞ്ഞു. ആ കാര്യത്തിലും അനുഭാവപൂർവ്വമായ സമീപനം തന്നെയാണ് സ്വീകരിക്കുന്നത്. ഒരു മെഡിക്കൽ ക്യാമ്പ് നടത്തിയിരുന്നു. ആ ക്യാമ്പിന്റെ റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ അതുസംബന്ധിച്ചും ഉടനെ തീരുമാനം എടുക്കുന്നതാണ്. വീണ്ടും ഞാൻ പറയാൻ ആഗ്രഹിക്കു കയാണ്, ഇക്കാര്യത്തിൽ ഭരണ - പ്രതിപക്ഷ വ്യത്യാസമേയില്ല. എന്തൊക്കെ യാണ് കൂടുതലായി വേണ്ടത്, ഏതൊക്കെ വിധത്തിലാണ്, ആ വിധത്തി ലൊക്കെ ഇക്കാര്യത്തിൽ ചെയ്യുന്നതിന് ഗവൺമെന്റ് തയ്യാറാണ്. ഏറ്റവും കൂടുതൽ ഈ ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുള്ള കാര്യങ്ങളെല്ലാം പോസിറ്റീവായി തന്നെയാണ് എടുത്തിട്ടുള്ളത് എന്ന് വീണ്ടും വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ദുരിതബാധിതരുടെ പ്രശ്നങ്ങൾ മുഖ്യമന്ത്രി ചർച്ച ചെയ്ത് ഒരു തീരുമാനത്തിൽ എത്തി അവരെ സന്തോഷ ത്തോടുകൂടി തിരിച്ചുപോകാൻ തക്ക വിധത്തിലുള്ള സാഹചര്യം കൂടി

ഉണ്ടാക്കണമെന്നുള്ള എന്റെ ഒരു വിനീതമായ അഭ്യർത്ഥനയുണ്ട്. അതേപ്പറ്റി അങ്ങ് പറഞ്ഞതായി മനസ്സിലാകുന്നില്ല.

ശ്രീ. ഉമ്മൻചാണ്ടി: സർ, ചർച്ചയ്ക്ക് ഒരിക്കലും ഗവൺമെന്റ് എതിരല്ല. അതിന്റെ ചാർജ് വഹിക്കുന്ന മന്ത്രി ശ്രീ. കെ. പി. മോഹനൻ ആണ്. അദ്ദേഹത്തോട് ചർച്ചകൾക്കുള്ള ഇനിഷ്യേറ്റീവ് എടുക്കാൻ പറഞ്ഞിട്ടുണ്ട്. അവർ തയ്യാറാണെങ്കിൽ ഇന്നുതന്നെ ചർച്ച ചെയ്ത് ഒരു തീരുമാനമെടുക്കാം. അതിനെ സംബന്ധിച്ച് ഗവൺമെന്റിന് ഒരു ബുദ്ധിമുട്ടും ഇല്ല.

(ശ്രദ്ധക്ഷണിക്കൽ)